**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **31-10-2016-ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 5329**

## ലൈഫ് സയൻസ് പാർക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം കേന്ദ്രമാക്കി ലൈഫ് സയൻസ് പാർക്ക് ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. ഇതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | (ബി) | ജൈവ മേഖലയിലെ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും, ആകർഷിക്കുന്നതിനും അനുബന്ധ ഗവേഷണ സ്ഥാപനങ്ങൾ ലൈഫ് സയൻസ് പാർക്കിൽ ഉണ്ടാവും. ജീവശാസ്ത്ര വ്യവസായങ്ങൾക്കും, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു വിജ്ഞാനകേന്ദ്രമായി ലൈഫ് സയൻസ് പാർക്ക് പ്രവർത്തിക്കുന്നതാണ്. കാർഷിക ജൈവ സാങ്കേതികത, സമുദ്ര വിഭവ ജൈവ സാങ്കേതികത, ബയോ ഇൻഫർമാറ്റിക്സ്, ബയോമെഡിക്കൽസ്, ബയോ ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വ്യത്യസ്ത ജൈവശാസ്ത്ര മേഖലകളുടെ ഗവേഷണ പദ്ധതികൾക്കും വികസന |

പ്രവർത്തനങ്ങൾക്കും ഉൽപ്പാദന പ്രക്രിയകൾക്കും പാർക്ക് അവസരമൊരുക്കും. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഇൻകുബേഷൻ സെന്റർ, ലാബറട്ടറി തുടങ്ങിയ സംവിധാനങ്ങൾ ഈ പാർക്കിന്റെ സവിശേഷതകളാണ്.

ചെറുകിട പദ്ധതികൾക്ക് ഉടൻ പ്രവർത്തനം ആരംഭിക്കാൻ പാകത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുപുറമേ വൻകിട ജൈവ ശാസ്ത്ര കമ്പനികൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തുന്നുണ്ട്. ആഗോള തലത്തിൽ പ്രവർത്തിക്കുന്ന വൻകിട ജൈവ ശാസ്ത്ര കമ്പനികൾക്ക് പ്രവർത്തനം തുടങ്ങാൻ പര്യാപ്തമാകുന്ന വിധത്തിൽ പ്ലോട്ടുകൾ വികസിപ്പിച്ച് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതാണ്. ചെറുകിട കമ്പനികൾക്ക് നേരിട്ട് ഉൽപ്പാദനം തുടങ്ങാൻ സാധിക്കുന്ന വിധത്തിൽ വെറ്റ് ലാബ്, ഡ്രൈ ലാബ് സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ